# 'ഗ്രാഫിക്സ് '

**Little Kites.......... Digital Magazine**

**Published by**

**CMS HSS Mallappally**

# ഉള്ളടക്കം

സന്ദേശം
ആമുഖം
എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
എഡിറ്റോറിയൽ
ചരിത്രം ഉറങ്ങുന്ന  മല്ലപ്പള്ളി
ഘടികാരം
മൊബൈൽ പഴഞ്ചൊല്ലുകൾ
എല്ലാവർക്കും വേണ്ടിയുള്ള ആരോഗ്യടിപ്പുകൾ
ഓർമ്മകൾ യാത്രകൾക്കപ്പുറം  ,കേരളം
മരത്തിലെ പുള്ളിപ്പൈങ്കിളി
പുഷ്പങ്ങൾ
ആതിര മയങ്ങുന്നു
വൃക്ഷം
हाथी और दर्जी
എന്റെ ഭാഷ
ആരാണ്
സത്യസന്ധനായ കൂട്ടുകാരൻ
മലയാളം
നമ്മുടെ കുടുംബം
**Autobiography  of a seed**
**A Bus Ride in Kerala**
**Rise and shine of the 'Apple'**
**S N Bose**
पहेलियां
അക്കപ്പാട്ട്
चुटकुले

# സന്ദേശം

ലിറ്റിൽ കൈറ്റ്സ്  എന്ന പദ്ധതിയിലൂടെ ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരംഭത്തിൽ മല്ലപ്പള്ളി സി. എം. എസ് ഹയർ സെക്കണ്ടറി സ്കൂളിലെ  ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും കൈ കോർക്കുകയാണ് .വിദ്യാർഥികളിലെ നൈപുണികൾ വിവര വിനിമയ സാങ്കേതിക വിദ്യയും  ചേർത്തിണക്കി അതിൽ വൈദഗ്ദ്ധ്യവും അഭിരുചിയുമുള്ള  ഒരുതലമുറയെ വാർത്തെടുക്കാൻ കഴിയട്ടെ.   'ഗ്രാഫിക് സി' ന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ ,

ഹെഡ്മാസ്റ്റർ

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെവിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയു സജീവവും സമ്പൂർണവുമായ  പങ്കാളിത്തത്തോടെയുള്ള പ്രവര്ത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രീയ രൂപപ്പെട്ടുവന്നിരിക്കുന്നു. വിവര വിനിമയസാങ്കേതിക വിദ്യ സങ്കേതങ്ങൾ  സമർഥമായും ഫലപ്രദമായും ഉപയോഗിക്കാൻ  കഴിവുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ  ശ്രമിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയിലൂടെ. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാൽ മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മ യിലൂടെ കഴിയട്ടെയെന്ന ആശംസകളോടെ ഈ മാഗസിൻ സമർപ്പിക്കട്ടെ.

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| സ്റ്റാഫ് എഡിറ്റേഴ്സ് | ശ്രീമതി. മീന മേരി ജോർജ് |
| | ശ്രീമതി. ഷേർളി ജോർജ് |
| സ്റ്റുഡന്റ് എഡിറ്റർ | കെവിൻ സാം ബിനു |
| സബ് എഡിറ്റേഴ്സ് | ആൽബിൻ വി. സോജു |
| | പി ദേവനാരായണൻ |
| | അപർണ എസ് നായർ |

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർഥികൾക്ക് വൈവിധ്യമാർന്ന ഐ.ടി പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുമുള്ള അടിസ്ഥാനനൈപുണികൾ കുട്ടികൾ പരിചയപ്പെടുന്നു. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർ ഥികളെ കൈ പിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവും ആകട്ടെ എന്ന് ആശംസിക്കുന്നു.

# ചരിത്രം ഉറങ്ങുന്ന
# മല്ലപ്പള്ളി

കാലതാമസമാകുന്ന പുസ്തകത്തിൽ സുവർണ്ണലിപികളാൽ എഴുതപെടെണ്ട ഒട്ടെറെ ചരിത്ര നിമിഷങ്ങൾക്ക സാക്ഷ്യം വഹിച്ചനാടാണ് മല്ലപ്പള്ളി.ഈ നാടിന്റെ മണ്ണിലും മനസ്സിലും കാറ്റിലും ചരിത്രം ഉറങ്ങുന്നു. മല്ലപ്പള്ളിയുടെ ചരിത്ര വഴികളിലൂടെ നമുക്കൊന്നു സഞ്ചരിക്കാം.

## സ്ഥലനാമചരിത്രം

നമ്മുടെ പൂർവ്വീകർ 'പെരുമ്പ്രാനാട് ' എന്ന് വിളിച്ചിരുന്ന ഈ നാടിന്  'മല്ലപ്പള്ളി' എന്ന പേര് ലഭിച്ചതിനു പിന്നിൽ ഒരു രസകരമായ ചരിത്രമുണ്ട് ഇടപ്പള്ളി തമ്പുരാൻ നാട്ടുവാണിരുന്ന കാലത്ത് കല്ലൂപ്പാറക്കാരും  പെരുമ്പ്രാനാട്ടുകാരും തമ്മിലുണ്ടായ തർക്കം പരിഹരിക്കുന്നതിനായി അദ്ദേഹം അവർ തമ്മിൽ ഒരു വടംവലി മത്സരം ക്രമീകരിച്ചു. കല്ലൂപ്പാറക്കാർ വിജയിക്കുവാനായി ഒരു ആനയെക്കൊണ്ട് വടം വലിച്ചു എങ്കിലും മല്ലപ്പള്ളിക്കാർ ആ മത്സരത്തിൽ വിജയിച്ചു. അങ്ങനെ അവർ ശക്തിയുള്ളവരാണന്ന് തിരിച്ചറിഞ്ഞ തമ്പുരാൻ അവരുടെ നാടിനെ മല്ലന്മാരുടെ നാട് എന്ന് വിളിക്കയും പിന്നിട് അത് മല്ലപ്പള്ളി ആയി മാറുകയും ചെയ്തു

## മല്ലപ്പള്ളി വികസനത്തിന്റെ പാതയിൽ..

അജ്ഞാനാന്ധകാരത്തിന്റെയും സാമൂഹിക തിന്മയായ അടിമത്തത്തിന്റെയും പിടിയിലായിരുന്ന മല്ലപ്പള്ളി നിവാസികൾ വിദേശ മിഷണറിമാരുടെ സഹായത്താലും അവരുടെ കഠിനപ്രയത്നങ്ങളാലും അതിൽ നിന്നൊക്കെയും മോചനം പ്രാപിച്ചുകൊണ്ടേയിരുന്നു.

## വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നു നൽകപ്പെടുന്നു

മല്ലപ്പള്ളിയുടെ സാംസ്കാരികവും സാമൂഹികവുമായ വളർച്ചയിൽ പ്രാധാന പങ്കുവഹിച്ചത് ചില വിദ്യാദ്യാസ സ്ഥാപനങ്ങളാണ്. 1850-ൽ ആരംഭിച്ച അടിമസ്കൂൾ അതിൽ പ്രധാനമാണ്.1904-ൽ ആരംഭിച്ച പെൺപള്ളിക്കൂടം ഇന്നും ഐ.കെ.എം.സി.എസ്.എൽ.പി. സ്കൂളായി നിലനില്ക്കുന്നു.

വിദ്യാഭ്യാസം വഴിയായി വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നു നൽകി ഒരു ജനതയെ തന്നെ സംസ്കാരസമ്പന്നരാക്കിത്തീർത്ത ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കണ്ടറി സ്കൂൾ. വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നൽകിയ മല്ലപ്പള്ളിക്കാർ സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഇന്നും ശോഭിക്കുന്നു.

## മല്ലപ്പള്ളി- മതസൗഹാർദ്ദത്തിന്റെ പുണ്യഭൂമി

നാനാജാതിമസ്ഥരും വളരെ ഒത്തൊരുമയോടെയും സ്നേഹത്തോടെയും ജീവിക്കുന്ന ഒരു നാടാണ് മല്ലപ്പള്ളി. ഹൈന്ദവക്ഷേത്രങ്ങളും ക്രൈസ്തവ ആരാധനാലയങ്ങളും മുസ്ലിം പള്ളികളും ധാരാളമുള്ള ഈ നാട്ടിൽ ഹിന്ദു-ക്രിസ്ത്യൻ- മുസ്ലിം ഉത്സവങ്ങളും മറ്റും ഏവരുടെയും സജീവ സാന്നിദ്ധ്യത്തിൽ വർഷങ്ങളായി നടന്നുവരുന്നു. പ്രധാന ഹൈന്ദവക്ഷേത്രമായ തിരുമാലിട മഹാദേവക്ഷേത്രത്തിനെ സംബന്ധിച്ച് ധാരാളം ഐതീഹ്യങ്ങളും നിലനില്ക്കുന്നു.ഇവിടുത്തെ ബലിതർപ്പണവും ശിവരാത്രി മഹോത്സവവും വളരെ പ്രശസ്തമാണ്.

മല്ലപ്പള്ളിയിലെ ആദ്യ ദേവാലയമായ വെങ്ങലശ്ശേരി പള്ളി 1836 ജൂലൈ 13 ന് അബ്രഹാം മല്പാനാൽ സ്ഥാപിതമായി.1836-ൽ സ്ഥാപിതമായ ഹോളി ഇമ്മാനുവേൽ സി.എസ്.ഐ.പള്ളി മദ്ധ്യതിരുവിതാംകൂറിലെ ആദ്യ ദേവാലയമാണ്. വായ്പൂര് സ്ഥിതി ചെയ്യുന്ന പെരുമ്പാറ മസ്ജിദ് ഒരു പ്രധാന മുസ്ലിം ആരാധനാലയമാണ്. മതസൗഹാർദ്ദത്തിന്റെ പുണ്യഭൂമിയായ മല്ലപ്പള്ളിയിലെ ജനങ്ങൾ ഈ നാടിനെ സ്വർഗ്ഗതുല്യമാക്കുന്നു.

## മല്ലപ്പള്ളിലച്ചൻ

മല്ലപ്പള്ളിലച്ചൻ എന്ന റവ.ജോർജ്ജ് മാത്തൻ അച്ചന്റെ കർമക്ഷേത്രമായിരുന്നു മല്ലപ്പള്ളി.ഈ ദേശത്തിന്റെ പുരോഗതിയിൽ പ്രധാന പങ്കുവഹിച്ച അച്ചൻ ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലായിടത്തും പ്രചരിപ്പിച്ചു.മലയാഴ്മയുടെ വ്യാകരണം എന്ന പുസ്തകം മലയാള സാഹിത്യത്തിലെ തന്നെ ഒരു പ്രധാന വ്യാകരണ ഗ്രന്ഥമാണ്.അച്ചന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രവർത്തനമാരംഭിച്ച 'റവ.ജോര്ജ്ജ് മാത്തൻ മെഡിക്കൽ മിഷൻഹോസ്പിറ്റൽ' ഇന്നും ആരോഗ്യ-ആതുരസേവന മേഖലകളിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

## കായികം

വോളീബോളിന്റെ ഈറ്റില്ലം എന്ന പേരിൽ പ്രശസ്തിയാർജ്ജിച്ച നാടാണ് മല്ലപ്പള്ളി.ഒരു പ്രധാന വോളിബോൾ കളിക്കാരനും ആദ്യകാല ഒളിമ്പ്യനുമായിരുന്ന മല്ലപ്പള്ളി വർക്കി സി.എം.എസ് സ്കൂൾ വിദ്യാർത്ഥിയുമായിരുന്നു. കായിക മേഖലയിൽ ശോഭിക്കുവാൻ മല്ലപ്പള്ളി

നിവാസികൾക്ക് അന്നും ഇന്നും സാധിച്ചിട്ടുണ്ട്. ഒരു ദേശത്തിന്റെ ഭൂതകാലവും ചരിത്രവും അതിന്റെ വർത്തമാനവുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നു.ഇന്നലെകളിൽ മല്ലപ്പള്ളിയിൽ സംഭവിച്ച മാറ്റങ്ങളും മറ്റും മല്ലപ്പള്ളിക്കാർക്ക് ഇന്ന് ജീവിക്കുവാൻ വളരെയധികം പ്രചോദനമാകുന്നു. വികസനത്തിന്റെ പാതയിൽ സഞ്ചരിക്കുവാൻ സഹായിച്ചു. അതിനൊപ്പം ഇവിടുത്തെ കഠിനാദ്ധ്വാനികളായ ജനങ്ങൾ തങ്ങളുടെ ദേശത്തെ വളരെയധികം മേഖലകളിൽ ശോഭിക്കുവാനും സഹായിച്ചു. വിദ്യാഭ്യാസം,കായികം,കൃഷി, വ്യവസായം,ആരോഗ്യം മറ്റു സാംസ്കരിക-സമൂഹിക മേഖലകളിലെല്ലാം തന്നെ മല്ലപ്പള്ളിക്കാർ തങ്ങളുടെ കഴിവുതെളിയിച്ചു. ഇങ്ങനെ മല്ലപ്പള്ളിയുടെ ഓരോ കോണുകളിലും ചരിത്രമുറങ്ങുന്നു. ആ ചരിത്രം മല്ലപ്പള്ളിയുടെ ഇന്നത്തെ നിമിഷങ്ങളെ സുന്ദരമാക്കുന്നു.

## ഘടികാരം

എപ്പോഴും നീ എന്തേ മുന്നോട്ടോടുന്നു?
താണ്ടി വഴികളിലൂടെ വിണ്ടുമോടുന്നു?
മനുഷ്യനെ മരമത്തോടുപ്പിക്കുന്ന ഘടികാരമേ
നി എന്തേ നിശ്ചലമാകുന്നില്ല
ദുഖിപ്പിക്കുന്നതും കണ്ണിരൊപ്പുന്നതും
നി തന്നേ പ്രകാശം പരത്തിയ സൂര്യനെ
ചക്രവാളത്തിലൊളിപ്പിച്ചതും
നി തന്നേ
രാത്രിയെ അന്ധകാരം കൊണ്ടു മൂടിയതും
നി തന്നേ
നി എന്തേ നിശ്ചലമാകുന്നില്ല
അല്ലേങ്കിൽ നി ഓടിക്കോളൂ
നിന്റെ ഓട്ടം ലോക നന്മയിലെത്തും വരെ
ഞങ്ങൾ കാത്തിരിക്കാം.....

Rahana Ramanan

# മൊബൈൽ പഴഞ്ചൊല്ലുകൾ

1.ഒരുമ ഉണ്ടെങ്കിൽ മൊബൈലിലും കിടക്കാം

2.പോസ്റ്റ് പേയ്ഡ് ഇരിക്കുമ്പോൾ പ്രിപേയ്ഡ് ആടണ്ട

3. അന്യന്റെ മൊബൈൽ ആഗ്രഹിക്കരുത്

4. നിന്റെ മൊബൈൽ പോലെ നിന്റെ അയൽക്കാരന്റെ മൊബൈലിനേയും സ്നേഹിക്ക

5.വി.ഐ.പി മൊബൈൽ വാങ്ങിയാൽ അർധരാത്രിയിലും ഫോൺ വിളിക്കാം

6.കണക്ഷൻ ഏതായാലും മൊബൈൽ നന്നായാൽ മതി

7.മൊബൈൽ വെറുതെ കിട്ടിയാൽ ഈശോയും വിളിക്കും

8.അറിയാത്ത പിള്ള വൈബ്രേഷൻ അടിക്കുമ്പോൾ അറിയും

9. പുത്തനച്ചി സിം കാർഡും തൂക്കും

10.മുറ്റത്തെ ടവറിനു റേഞ്ചില്ല

11.ഹാർഡ് സെറ്റ് ചാരി നിന്നവൻ സിമ്മും കൊണ്ടുപോയി

12.ആരാന്റെ  സിം ബ്ലോക്കായാൽ കോണാൻ നല്ല ശേലാ

13. കിട്ടാത്ത റിംഗ് ടോൺ പുളിക്കും

14.എസ്.എം. എസ് മനസ്സിന്റെ കണ്ണാടി

15.കരയുന്ന മൊബൈലിനേ ചാർജുള്ളൂ

16.സാംസങ്ങ് കുളിച്ചാൽ നോക്കിയ ആകില്ല

## എല്ലാവർക്കും വേണ്ടിയുള്ള ആരോഗ്യടിപ്പുകൾ

A മിക്കപ്പോഴും പരിശോധിക്കേണ്ട രണ്ട് കാര്യങ്ങൾ

1.നിങ്ങളുടെ രക്തസമ്മർദ്ദം

2.നിങ്ങളുടെ രക്തത്തിലെ പഞ്ചസാര

B ഏറ്റവും കുറക്കേണ്ടുന്ന മൂന്നു കാര്യങ്ങൾ

1.ഉപ്പ്, 2.പഞ്ചസാര , 3 അന്നജം

C വർധിപ്പിക്കേണ്ടുന്ന നാലു കാര്യങ്ങൾ

1.പച്ചിലകൾ,2.പച്ചക്കറികൾ,3.പഴങ്ങൾ,4.പരിപ്പ

D മറക്കേണ്ടുന്ന മൂന്നു കാര്യങ്ങൾ

1.നിങ്ങളുടെ പ്രായം, 2.നിങ്ങളുടെ ഭൂതകാലം, 3.നിങ്ങളുുടെ പക

E ഉണ്ടായിരിക്കേണ്ട മൂന്നു കാര്യങ്ങൾ

1.യഥാർഥ സുഹൃത്തുക്കൾ, 2.സ്നേഹമുള്ള കുടുംബം, 3.പോസിറ്റീവ് ചിന്തകൾ

F ആരോഗ്യകരമായി തുടരുന്നതിന് നാല് പ്രവൃത്തികൾ

1.ഉപവസിക്കുക ,2.ചിരിക്കുക ,3.വ്യായാമം ചെയ്യുക 4.ശരീരഭാരം കുറക്കുക

G കാത്തിരിക്കേണ്ടാത്ത നാലു കാര്യങ്ങൾ

1.ഉറങ്ങാൻ നിങ്ങൾ ഉറക്കം വരുന്നതുവരെ കാത്തിരിക്കരുത്,

2.വിശ്രമിക്കാൻ നിങ്ങൾ തളരുന്നതു വരെ കാത്തിരിക്കരുത്

3.നിങ്ങളടെ സുഹൃത്തിനെ കാണാൻ പോകാൻ അവന് അസുഖം വരുന്നതുവരെ കാത്തിരിക്കരുത്

4.ദൈവത്തോട് പ്രാർഥിക്കുവാൻ പ്രശ്നങ്ങൾ ഉണ്ടാകുന്നതുവരെ കാത്തിരിക്കരുത്

# ആരാണ് ?

നേരമിരുട്ടുമ്പോഴേക്കാരാ

ടോർച്ചു തെളിച്ചു നടക്കുന്നു?

നേരേ മുമ്പിലിരുന്നിവനാരാ

ഡാൻസ് കളിച്ചു പറക്കുന്നു ?

മാവിൻ കൊമ്പിൽകേറീട്ടുടനെ

മിന്നിപ്പാറി ഇറങ്ങുന്നു

മാനത്തേക്കു പറന്നിവനവിടെ

ചേലിൽ ചിത്രം മെനയുന്നു.

## ഓർമ്മകൾ....യാത്രകൾക്കപ്പുറം

എന്നമൊരു ഓർമ്മ ഇനി
എന്നമൊരു ഓർമ്മ (2)
പഴയ കാലങ്ങൾ ഇനി
എന്നമൊരു ഓർമ്മ
പഴയ കൂട്ടുകൾ ഇനി
എന്നമൊരു ഓർമ്മ
എന്ന കാണും നമ്മൾ
ഇനി എന്ന കാന്നും നമ്മൾ
എങ്ങനെ ഒന്നിച്ച് ഇനി
ഒരുമയോടെ നിൽകും
എന്നമോർമിക്കാം നമുക്ക്
എന്നുംമോർമിക്കാം
പുതിയ കാലങ്ങൾ ഇനി
ജീവിത വസന്തം

Livya Raichal Jacob

## കേരളം

പച്ചപ്പിന്റ റാണി നീ
കിളികൾ തൻ തോഴി നീ
പുഴകൾ പാടുന്ന
മരങ്ങൾ ആടുന്ന
സസ്യശ്യാമള കേരളം
കിളികൾ തൻ ഗാനമുണ്ടവിടെ
പുഴകൾ താൻ നാദമുണ്ടവിടെ
നെല്ലുണ്ട് വയലുണ്
കുന്നുണ് കാടുണ്ട്
മണ്ണും വിണ്ണും വാഴ്ത്തു
എൻ കേരളം മണ്ണിൽ
ദൈവത്തിന്റെ സ്വന്തം നാട്ടിൽ

# മരത്തിലെപുള്ളി പൈങ്കിളി

കൊച്ചു വെളുപ്പിന്റെ മുറ്റത്തെ
കൊച്ചു പൂമരത്തിൽ വന്നെത്തും പൈങ്കിളി
നിൻ കൊച്ചു ചുണ്ടിൽ നിന്നണരു ഗാനം
കേൾക്കാൻ ഞാൻ രാവിലെ ഉണരുന്നു
സുപ്രഭാതത്തിൽ നിൻ പാട്ടുകൾ എന്നെ
ഉണർത്തുന്നു
എങ്കിലും എന്റെ പുള്ളിപ്പൂങ്കുയിലെ
വൈകുന്നേരങ്ങളിലെല്ലാം എന്തെ നിൻ ഗാനങ്ങൾ
നിശ്ചലമാകുന്നു സന്ധ്യാസമയങ്ങളിൽ നിൻ
പാട്ടുകേൾക്കാതെ ഞാൻ ഇരിക്കുമ്പോൾ എന്റെ
വിട്ടിൽ തെളിയുന്ന ദീപം എന്നെ ആശ്വസിപ്പിക്കുന്നു
എൻ മനസ്സിലെ ഗാന വേദികൾ അണയുമ്പോൾ....
പിന്നെയും പിന്നെയും നിന്നെക്കാണാൻ
നിൻ പാട്ടുകൾ കേൾക്കാൻ എൻ മനസ്സുതുടിപ്പൂ
എൻ പുള്ളിപൈങ്കിളി ഇനിയും നി എൻ
മുറ്റത്തെ കൊച്ചു പൂറത്തിൽ വന്നിരിക്കുകയില്ലേ

DIVIN SHARMA

## പുഷ്പങ്ങൾ

പൂക്കാതിരിക്കൻ നിങ്ങൾക്കാവതിലെ പുഷ്പങ്ങളേ....
നിൻെറ മനോഹരമായ രുപം എൻെറ മനസ്സിൽ നൃത്തമാടുന്നു.
നിൻെറ മനോഹര രുപങ്ങൾ ...
ആർക്കായി പിറന്നു നിൻ മനോഹര ്രുപങ്ങൾ
എന്തു ഭംഗി നന്നെ കാണാൻ
എന്തു ഭംഗി നന്നെ ഓർക്കാൻ
നിൻതേൻ നുകരാൻ നിൻ തേൻകിളികൾ-
വന്നെത്തുമ്പോൾ എൻ മനസ്സിൽ-
അനന്തഭാഷ്പം ഒഴുകുന്നു
എൻമനസ്സ് തുടിക്കുന്നു നിന്നെ കാണാൻ
പക്രൃതിയെ മനോഹമാക്കുന്ന നിൻ രുപങ്ങൾ
എൻെറ മനസ്സിൽ മായാതെ കിടക്കുന്നു

## ആതിര മയങ്ങുന്നു

ഒരായിരം കണ്ണുനീർക്കണം കാണാതെ
എന്തിനു മായുന്നു നീ മക്കളെ
ആരം കാണാതെ പോയപനിനീർപുഷ്പമേ
എന്തിനു നീയൊരോർമ്മയായി
നിന്നെ യൊതലയുന്നൊരായിരം
കണ്ണിലേകൊരു പൂനിലാവായ് നീ വരേില്ലേ
നിന്നെ വരവേൽക്കാനൊരായിരം
ച്ചുചെണ്ടുമായ് കാത്തിരിക്കുന്നു ഞാൻ
നീ കവർനെടുപുത്ത പുഞ്ചിരിയുമായ്
തിരികെ വരാമോ....
ആതിര നിലാവേ നീയെന്തിനൊരോർമ്മ

# വൃക്ഷം

മഴയത്തു കുടയായ്
വെയിലത്തു തണലായ്  എൻ
വൃക്ഷകന്യക നിൽക്കുന്നു
അഴകിൽ മുങ്ങി കുളിച്
നൃത്തച്ചുവടുകൾ വയക്കുന്നു
കാറ്റിൻെറ തലോടി പാട്ടുപാടുന്നു
ആരോടും പരിഭവമ്മില്ലാതെ
ആർക്കും ശല്യമാവാതെ
നന്മകൾവാരി വിതറുന്ന മനുഷ്യൻെറ
ക്രൂരതകൾ സഹിക്കുമെ വേദനിക്കുമൊരു
ഹൃദയംമരത്തിനുണ്ട്

# हाथी और दर्जी

एक दर्जी था जो अपनी दूकान में सिलाई का काम करता था /पास एक मंदिर भी था वहां का हाथी इस दूकान से होकर नहाने जाया करता था.जब हाथी दूकान के पास आता तो दर्जी उसे केला या गुड दिया करता था. इसलिए रोज हाथी दूकान के सामने आकर खडा हो जाता. एक दिन की बात है.आदी से हाथी दूकान के सामने खडा हो गया और सूंड आगे बढाई .आज दर्जी ने केला या गुड नहीं दिया अपितु सुई से उसकी सूंड को चुभा दिया. हाथी को दर्द लगा. निर्विकार होकर हाथी नहाने गया .नदी में नहा लिया. लौटते समय उसने अपने सूंड में कीचड मिला पानी ले लिया.जब वह दूकान के सामने आया तो हाथी ने देखा कि दर्जी नये और कीमती कपडों की सिलाई कर रहा है.हाथी ने कीचड मिले पानी में सारे कपडे डुबा दिये ,दर्जी को भी नहाया .इस प्रकार हाथी ने दुकानदार से अपना बदला लिया. फिर कभी हाथी उस दुकान के सामने खडा नहीं होता था.

# എന്റെ ഭാഷ

ഞാൻ ജനിക്കും നേരം എന്റെ

ഉള്ളിൽ വന്ന കുരുന്നു ഭാഷ

പിന്നെയെൻ മധുവാർന്നൊരു

മാതൃഭാഷ ആദ്യാക്ഷരം കുറിക്കും

നാളിലെനിക്ക് സ്വന്തം സ്നേഹഭാഷ

ലാളിത്യമാർന്നൊരു ഇഷ്ടഭാഷ

പിന്നെയെൻ നാടിന്റെ ഹൃദയ  ഭാഷ

എല്ലാവരും ചൊല്ലുന്ന സ്നേഹ-

ഭാഷയാണെന്റെ മലയാളം

# സത്യസന്ധനായ കൂട്ടുകാരൻ

ഒരു ഗ്രാമത്തിൽ രണ്ട് കുട്ടികൾ ജീവിച്ചിരുന്നു.ചിക്കു മിക്കു  എന്നായിരുന്നു അവരുടെ പേര്.രണ്ടുപേരും ഒരേ സ്കൂളിലാണ് പഠിക്കുന്നത്. എല്ലാ ദിവസവും ഒരുമിച്ചാണ് അവർ സ്കൂളിൽ പോകുന്നത്. ചിക്കു മിടുക്കനും മറ്റുള്ളവരെ ബഹുമാനിക്കുന്നവനും സ്കൂളിൽ എല്ലാത്തിനും ഒന്നാം സ്ഥാനക്കാരനും ദൈവഭക്തിയുള്ളവനുമാണ്. പക്ഷേ മിക്കു മടിയനും പഠിക്കാത്തവനും വഴക്കാളിയും അസൂയയും ദൈവഭക്തിയില്ലാത്തവനുമാണ്.

ചിക്കുവിന്റെ ഏറ്റവും അടുത്ത സുഹൃത്താണ് മിക്കു. പക്ഷേ മിക്കുവിന് ചിക്കുവിനെ ഇഷ്ടമല്ല.മിക്കു ചിക്കുവിന്റെ മിടുക്കും ഉൽസാഹവും കണ്ട്  ചിക്കുവിനെ ഉപദ്രവിക്കും. പക്ഷേ ചിക്കു അതൊന്നും കാര്യമാക്കില്ല. ഒരു ദിവസം ചിക്കു ചുമ്മാതിരിക്കുമ്പോൾ വിചാരിച്ചു മിക്കു എന്റെ  കൂട്ടുകാരനാണ് ഇതുവരേയും ഞാൻ അവന് ഒരു ഗിഫ്റ്റ് പോലും കൊടുത്തിട്ടില്ല.ഞാൻ ഒരു പാവപ്പെട്ടവനായതു കൊണ്ടാണല്ലോ എനിക്കതു സാധിക്കാത്തത്.എങ്കിലും ഒരു ഉപദേശം കൊടുത്താൽ അത് അവനൊരു നല്ല സമ്മാനമാകും.

അന്നേ ദിവസം ചിക്കു മിക്കുവിന്റെ  വീട്ടിൽ പോയി. ചിക്കു വാതിൽക്കലെത്തി ബെല്ലടിച്ചു. മിക്കു വാതിൽ തുറന്നു. മിക്കു ദേഷ്യത്തോടെ ചിക്കുവിനോട് ചോദിച്ചു "നീ എന്തിനാണ് എന്റെ വീട്ടിൽ വന്നത് ?"ഞാൻ ആദ്യം അകത്തേക്ക്  കേറിക്കോട്ടെ എന്നിട്ട് പറയാം"    എന്് ചിക്കു മിക്കുവിനോട്  പറഞ്ഞു. ചിക്കു വീടിനകത്തു കയറി കാര്യങ്ങൾ പറയാൻ തുടങ്ങി .

“മിക്കു നീ നല്ല കുട്ടിയാണ് നീ നല്ലവണ്ണം പഠിക്കണം നീ വഴക്കാളിയാകരുത് ,യേശുവിനോട് പ്രാർത്ഥിക്കണം. നിന്റെ ചോദ്യങ്ങൾക്ക് യേശു മറുപടി തരും. നീ ഇങ്ങനെ ചെയ്താൽ എല്ലാവരും നിന്നെ ഇഷ്ടപ്പെടും. ” ഇത്രയും ചിക്കു പറഞ്ഞപ്പോഴേക്കും മിക്കു

**ചിക്കുവിനെ അടിച്ച് വീട്ടിൽ നിന്ന് പുറത്താക്കി. ഈ കാര്യം ചിക്കു ആരോടും പറഞ്ഞില്ല. പാവം ചിക്കു ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചു .**

**അടുത്ത ദിവസം അവർ രണ്ടു പേരും സ്കൂളിൽ പോകുകയാണ്.മിക്കു ഒരു കിണർ കണ്ട് സന്തോഷിച്ചു .”ഇന്ന് കിണറിനകത്ത് ചിക്കുവിനെ ഞാൻ തളളിയിടും അവന്റെ കഴിവും മിടുക്കും ഒന്ന് കാണട്ടെ". എന്ന് മിക്കു വിചാരിച്ചു. “എന്താ മിക്കു നീ ഇത്രയും സന്തോഷവാനായിരിക്കുന്നത്?” എന്ന് ചിക്കു മിക്കുവിനോട് ചോദിച്ചു. മിക്കു ചിക്കു വിനോട് ഇങ്ങു വാ പറഞ്ഞുതരാം എന്ന് പറഞ്ഞു കൊണ്ട് മിക്കു ചിക്കുവിനെ കിണറ്റിനകത്ത് തളളിയിട്ടു. എന്നിട്ട് മിക്കു പെട്ടെന്ന് സ്കൂളിലേക്ക് ഓടിപ്പോയി. ചിക്കു കിണറിനകത്തു കിടന്ന് യേശുവിനോട് പ്രാർത്ഥിച്ചു .അപ്പോൾ അതു വഴി ഒരു പു രോഹിതൻ വന്നു .ആരെങ്കിലും എന്നെ രക്ഷിക്കണേ എന്ന നിലവിളി കേട്ടു. പുരോഹിതൻ ചിക്കുവിനെ രക്ഷിച്ചു. ചിക്കു പുരോഹിതനോട് നന്ദി പറഞ്ഞിട്ട് വീട്ടിലേക്ക് ഓടിപ്പോയി.**

**സ്കൂൾ വിട്ടപ്പോൾ ചിക്കുവിനെ നോക്കാൻ മിക്കു കിണറിനടുത്തേക്ക് ഓടിയെത്തി. അപ്പോൾ മിക്കു കാൽ തെറ്റി കിണറ്റിലേക്ക് വീണു.ആരെങ്കിലും എന്നെ രക്ഷിക്കണേ എന്ന് മിക്കു ഉറക്കെ നിലവിളിച്ചു. ഇതു കേട്ട് ചിക്കു ഓടിയെത്തി മിക്കുവിനെ രക്ഷിച്ചു. അതിനു ശേഷം രണ്ടു പേരും വീട്ടിലേക്ക് പോയി. തന്റെ തെറ്റുകൾ മനസ്സിലാക്കിയ മിക്കു അടുത്ത ദിവസം തമ്മിൽ കണ്ടപ്പോൾ ചിക്കുവിനോട് ക്ഷമ ചോദിക്ക ുകയും നല്ല സ്നേഹിതരായി തീരുകയും ചെയ്തു.**

# മലയാളം

എത്ര മനോഹരമാണെൻ മലയാളം
മനോഹരമാം ശൈലികളാൽ
മധുരിതമായ മലയാളം
ശൈലികളാൽ സമൃദ്ധമാണെൻ മലയാളം
എത്ര മനോഹരമാണെൻ കൈരളി
മലയാളഭാഷയാം നിൻ നാമം
എത്താത്ത ദേശമില്ല ഉലങ്കിൽ
എത്ര സുന്ദരമാണെൻ മലയാളം

# നമ്മുടെ കുടുംബം

ഒരുകുടുംബം പൂർത്തിയാകണമെങ്കിൽ വല്ല്യപ്പൻ,വല്ല്യമ്മ,അപ്പൻ,അമ്മ,സഹോദരി സഹോദരൻമാർ എന്നിവർ ചേരണം. കുടുംബത്തിൽ ഏറ്റവും പ്രധാനമായി ദൈവത്തിന്റെ അനുഗ്രഹം വേണം എന്നാൽ മാത്രമേ കുടുംബം സന്തോഷമായി നിൽക്കുകയുള്ളു. കുട്ടികളായ നമ്മൾ എപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട് നമ്മൾ നമ്മുടെ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് ഏറ്റവും നല്ല കുട്ടികളായി തീരാൻ കഴിയുള്ളൂ. ഇത്രയും കാര്യങ്ങൾ ഭംഗിയായി ചെയ്താൽ മാത്രമാണ് നമുക്ക് നല്ലൊരു കുടുംബം ഉണ്ടാക്കാൻ കളിയുള്ളൂ.

# Autobiography of a seed

On one rainy night
On a windy night
I flew up!!
I am a seed
As small as a bead
I landed upon a building
Ever so tall!!
Oh I wondered where I was!
I landed on a floor made of cement
As cold as ice
And not even a mouse to be heard
I asked the floor where I was
He told me ,you are in a school and I'm your boss
He grumbled unhappily
I tried to sleep
But never did I sleep as the plants near me
Were picking me so hard and deep
I felt thankful when the sun let his rays
Touch me with his daily warmth
I grumbled to myself
Weren't supposed to lay my head
On the soft soil bed?
Weren't I to be taken care of?
And here I am sitting out in the cold
But Somehow I managed to grow
I have grown here!!
The rain fed me and and the sun gave its warmth
And here I am,good and strong.

# *A BUS RIDE IN KERALA*

The bus comes to stop,
You struggle to get on top,
You scramble to the door,
But you land up on the floor!
You turn to get a seat,
But land on someone's foot,
You try to hold onto a seat with care,
But when the bus jerks,
You lose your fare.
The conductor asks for the ticket,
Alas! someone has picked your pocket.
You land up in the police station,
For away for your destination.

# Rise and shine of the 'Apple'

On April 1,1976 the apple computer was born. Steven Wozinak,a high school drop-out who worked for hewlett – packard, dabbled in computer- design and created what would become the Apple 1.His high school buddy Steve Jobs aslo a drop-out, worked for Atari and convinced him that the two should form a company to market the new computer which eventually took off in 1977 with the Apple 2.

By 1980 the apple 3 was released and their company employed several thousand worker. This is how the story of Apple Inc . Started and it was enormously successful. It became the story of most revolutionary computer in history. The early Mac's user-friendly interface with such feature as the trash can windows drag and drop file moveability and plug in and play compatibility predated by far the effort of those developing the PC. Kudos to Steve and Steven Great Master.

# S. N. Bose (1894-1974)

Sathyendra Nath Bose was an Indian physicist, born in Calcutta. He is best known for his work on quantum mechanics. Bose took his M.Sc. from Presidency College, Calcutta. Later, he taught at Calcutta University and then at Dacca University. Several research papers were published by Bose from 1918 to 1956. His work made great contribution to statistical mechanics.

X-ray crystallography and thermoluminescence. His research paper Planck's Law and the Hypothesis of Light Quanta (1924) was highly appreciated by Albert Einstein. Einstein further developed Bose's ideas and this led to a new type of statistics known as Bose-Einstein Statistics. Some of the elementary particles which obey Bose-Einstein Statistics are called 'bosons. Bose was awarded Padma Vibhushan in 1954.
He was conferred F.R.S in 1958.

# पहेलियां

१.बारह घोडे, 30 गाडी,
365 करे सवारी
२.मैं हरी ,मेरे बच्चे काले,
मुझको छोड ,मेरे बच्चे खोल
३.तीन अक्षर का मेरा नाम
उल्टा -सीधा एक समान
४.दोडता घोडा
कूदता घोडा
पानी देखते
रुकता घोडा
५. छोटा -सा धागा
सारी बात ले भागा
६.काले वन की रानी है
लाल पानी पीती है

उत्तर(१.साल,महीने के दिन,२.इलायची ३.जहाज ४.जूता ५.टेलीफोन ६जूं)

# അക്കപ്പാട്ട്

ഒന്നേ ഒന്ന്
ഒന്നൊരു കുന്ന്
കുന്നിൽ കേറിയ
രണ്ടു മറിഞ്ഞു

ഇതു കണ്ടോടിയ
മൂന്നോ വീണു.
മൂന്നിനു താങ്ങായ്
നാലണ്ണെത്തി
നാല് മറിഞ്ഞു
അഞ്ചിൻ മുകളിൽ
ആറു കടന്നൊരു
ഏഴണ്ണെത്തി
ഏഴിനു കൂട്ടായ്
എട്ടും പിന്നൊരു
ഒമ്പതുമൊത്തൊരു
പത്തണ്ണെത്തി

# चुटकुले

1. रोगी -डांक्टर साहब , मुझे खाने के बाद भूख नहीं लगती

डांक्टर-ये लो दवा ,इसे सोने के 2 खंटे बाद और जागने के 2 खंटे पहले खा लेना

2. बेटा(मां से)-मां पिताजी कहां गया है

मां-कारखाने

बेटा-मां, पिताजी इतनी बडी कार कैसे खाएंगे

3. दॊ दॊस्त आपस में बातें कर रहे थे

सौरव -यार मैं ने सपना देखा कि मैं शहद तालाब में नहा रहा हूं और कीचड के तालाब में

अभिषेक -मैं ने भी यही सपना देखा था ,लेकिन नहा कर निकलने के बाद तुम मुझे चाट रहे थे अैर मैं तुम्हें

# നന്ദി

ഗ്രാഫിക്സ് മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി !!